| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 8. | നെഹ്റു ട്രോഫി വള്ളംകളി |
|---|---|---|---|

| | |
|---|---|
| **ആമുഖം** | ജോൺ കുന്നപ്പള്ളി എഴുതിയ തെയ്തെയ്ത എന്ന ബാല സാഹിത്യ കൃതിയിൽ നിന്നെടുത്ത നെഹ്റുട്രോഫി വള്ളംകളി എന്ന പാഠം. വിനോദങ്ങൾ മാനസികവും ശാരീരികവുമായ ഉല്ലാസത്തിന് ഉതകുന്നതാണെന്നും കളിയാണെന്ന് നാം കരുതുന്നവ ഉന്നതമായ ജീവിത മൂല്യങ്ങളും പാഠങ്ങളും ഉൾക്കൊള്ളുന്നവ കൂടിയാണെന്നും ഈ യൂണിറ്റിലൂടെ കടന്നുപോകുമ്പോൾ നമുക്ക് തിരിച്ചറിവുണ്ടാകുന്നു. |
| **ആശയം** | വിനോദങ്ങൾ മാനസികവും ശാരീരികവുമായ ഉല്ലാസത്തിന് ഉതകുന്നതോടൊപ്പം വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു. ബുദ്ധിപരവും ശാരീരികവുമായ വിനോദങ്ങളുണ്ട്. ഓരോ പ്രദേശത്തിനും സ്വന്തമായ കളികളും വിനോദങ്ങളുമുണ്ട്. സംഘബോധം, സഹകരണം, നേതൃപാടവം, ആത്മവിശ്വാസവും തുടങ്ങിയവ വളർത്തുന്നതിന് കളികളും വിനോദങ്ങളും സഹായിക്കുന്നു. ഉദാഹരണം : വള്ളംകളി |
| **പഠനനേട്ടങ്ങൾ** | കഥ, വിവരണം എന്നിവ ഉച്ചാരണശുദ്ധി, ഒഴുക്ക്, ഭാവം എന്നിവയോടെ അവതരിപ്പിക്കുന്നു. തത്സമയ വിവരണം സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നു. വ്യത്യസ്തമായ വായ്ത്താരികൾ ശേഖരിക്കുന്നു. ഈണത്തിൽ അവതരിപ്പിക്കുന്നു. |
| **വ്യവഹാര രൂപം** | തത്സമയ വിവരണം, കുറിപ്പ്, വഞ്ചിപ്പാട്ട് |
| **സാമഗ്രികൾ** | വിശകലനച്ചാർട്ട്, വഞ്ചിപ്പാട്ട് വീഡിയോ - പദങ്ങൾ കണ്ടെത്താം - ചാർട്ട് - ടീച്ചേഴ്സ് വേർഷൻ - വള്ളംകളി - വീഡിയോ - വായ്ത്താരികൾ |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം - കടങ്കഥപ്പയറ്റ്, 2. വായനയിലേക്ക്, 3. പറയാം എഴുതാം, 4. വിശകലന ചോദ്യങ്ങൽ, 5. ചേർത്തെഴുതാം. 6. തത്സയം വിവരണം, 7. എഡിറ്റിംഗ്, 8. ചേർത്തെഴുതാം, 9. പദങ്ങൾ കണ്ടെത്താം. 10. പാടി രസിക്കാം. 11. പാടി അഭിനയിക്കാം. 12. സംഘം ചേർന്നുള്ള കളികൾ, 13. വാക്യം നിർമ്മിക്കാം, 14. ഞാൻ എന്നെക്കുറിച്ച് |
| **വർക്ക്ഷീറ്റ്** | 1. വായ്ത്താരികൾ 2. കളികൾ - ഒറ്റക്കും സംഘമായും കളിക്കുന്നവ. |
| **വായനാസാമഗ്രി** | (ടീച്ചർ , കുട്ടി)കടങ്കഥകൾ -കുഞ്ഞുണ്ണി- കളിരീതിയും നിയമങ്ങളും |
| **പോസ്റ്റർ** | |
| **സർഗ്ഗവേള** | വഞ്ചിപ്പാട്ട് അവതരണം - വായ്ത്താരികൾ അവതരണം |
| **ദിനാചരണം** | |
| **ചുമർ പത്രം** | പ്രശസ്തരെക്കുറിച്ചുള്ള കുറിപ്പുകൾ |
| **സി.പി.ടി.എ.** | വഞ്ചിപ്പാട്ട്, വായ്ത്താരികൾ, അവതരണം - തത്സമയ വിവരണം - ചർച്ച |

**പ്രവർത്തനങ്ങൾ – സൂക്ഷ്മ പ്രക്രിയ**

**1. പ്രവേശകം (15 മിനിറ്റ്)**

ടീച്ചർ ഒരു കടങ്കഥ പറയുന്നു.

തടി കണ്ടത്തിൽ, തല കല്യാണപ്പന്തലിൽ (വാഴ). ആദ്യം ഉത്തരം പറയുന്നവർ വിജയി. ഓരോ കുട്ടിയും അവർക്കറിയാവുന്ന കടങ്കഥകൾ എഴുതന്നു. (വ്യക്തിഗതം). കുട്ടികളെ 2 ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പും തങ്ങളുടെ കൈയിലെ കടങ്കഥകൾ പരിശോധിച്ച് മികച്ചവ കണ്ടെത്തുന്നു.

**ഗ്രൂപ്പുകൾ തമ്മിൽ പയറ്റ് നടത്തുന്നു**

മാർക്ക് ബി.ബിയിൽ രേഖപ്പെടുത്തി വാശിയേറിയ മത്സരമാക്കുന്നു. സ്കോറിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിനെ പ്രോത്സാഹിപ്പിക്കുന്നു. വിജയിയെ അനുമോദിക്കുന്നു. (പയറ്റിനിടയിൽ ടി.ബിയിലെ കടങ്കഥ ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ ടീച്ചര് മറ്റൊരു കടങ്കഥ പറയുന്നു. ടി.ടി. 120)

**2. വായനയിലേക്ക് – 40 മിനിറ്റ്**

ടീച്ചർ നെപ്പോളിയൻ, നടുഭാഗം ചമ്പക്കുളം, കാവാലം, പാർത്ഥസാരഥി, നേതാജി എന്നീ ചുണ്ടൻ വള്ളങ്ങളുടെ പേരുകൾ ബോർഡിൽ എഴുതുന്നു. ഇവയെല്ലാം എന്തിന്റെ പേരുകളാണ്? നിങ്ങൾക്കറിയാമോ? വള്ളംകളി മത്സരത്തിൽ ഇതിൽ ഏത് ചുണ്ടൻ വള്ളമായിരിക്കും വിജയിച്ചിരിക്കുക. ഊഹം. ഓരോ ചുണ്ടൻ വള്ളത്തിനും നേർക്ക് എത്ര പേർ ? ബോർഡിൽ ലിസ്റ്റിംഗ്. മത്സരത്തിൽ ആരാവും വിജയിച്ചിരിക്കുക? എങ്ങനെ അറിയാം? പാഠവായനയിലേക്ക് (വ്യക്തിഗതവായന) വിജയിയെ കണ്ടെത്തിയോ? കുട്ടികൾ പ്രതികരിക്കുന്നു. എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ട് കണ്ടെത്താനായില്ല? (വായിക്കാനറിയില്ല, ആശയം ഗ്രഹിക്കാനറിയില്ല.), എങ്ങനെ ആശയമുറപ്പിക്കാം. ഒരിക്കൽ കൂടി വായന. വായിക്കുമ്പോൾ അറിയുന്നത് (✓) അറിയാത്തത് (×) ഇഷ്ടപ്പെട്ടവ (-) ആശയം പെൻസിൽ കൊണ്ട് അടയാളപ്പെടുത്താൻ നിർദ്ദേശം നൽകുന്നു. നാലംഗ ഗ്രൂപ്പിൽ അയാളപ്പെടുത്തിയവ പങ്കുവെക്കുന്നു. ക്രോഡീകരിക്കുന്നു. ടീച്ചർമാരുടെ ഇടപെടലുകൾ. അറിയാത്ത പദങ്ങൾ പദശേഖരണ പുസ്തകത്തിൽ എഴുതുന്നു. പിന്നോക്കക്കാർക്ക് അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കാൻ അവസരം നൽകണം. ടീച്ചർ ക്രോഡീകരണം.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും വായനക്ക് അവസരം നൽകിയോ? വായനയിൽ പ്രയാസം നേരിട്ടവരുണ്ടോ? ആശയവ്യക്തത ഉറപ്പുവരുത്താൻ കഴിഞ്ഞോ?

**3. പറയാം എഴുതാം (30)**

ടീച്ചർ ചോദ്യ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ ആശയഗ്രഹണ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു. ഏതൊക്കെ ചുണ്ടൻ വള്ളങ്ങളാണ് ഈ വള്ളംകളിയിൽ പങ്കെടുത്തത്? വള്ളംകളി കണ്ടപ്പോഴുണ്ടായ സന്തോഷം നെഹ്റു എങ്ങനെയാണ് പ്രകടിപ്പിച്ചത്? പണ്ഡിറ്റ്ജി എത്തുമ്പോൾ 63 കതിനാ വെടികൾ പൊട്ടിച്ചത് എന്തിനെ സൂചിപ്പിക്കാനാണ്? പുന്നമടക്കായലിലെ കൊച്ചോളങ്ങൾ പോലും പുളകച്ചാർത്തണിഞ്ഞു എപ്പോൾ? ആശയ ഗ്രഹണ ചോദ്യങ്ങൾ കുട്ടികൾ വായിക്കുന്നു.

ചർച്ചക്കു ശേഷം ഓരോ കുട്ടിയും അവരുടെ കണ്ടെത്തലുകൾ വ്യക്തിഗതമായി കുറിക്കുന്നു.

നാലംഗ ഗ്രൂപ്പിൽ പറയുന്നു. തുടർന്ന് പൊതു അവതരണം (ഗ്രൂപ്പുകൾ) ചർച്ച – കൂട്ടിച്ചേർക്കൽ മെച്ചടുത്തി എഴുതൽ

**പ്രതികരണ പേജിലേക്ക്**

ചോദ്യങ്ങൾ കുട്ടികൾ സ്വയം വായിച്ചോ? ഉത്തരം കണ്ടുപിടിക്കാൻ കഴിഞ്ഞോ? സ്വാഭിപ്രായം പറഞ്ഞോ? ഇല്ലെങ്കിൽ എന്തുകൊണ്ട് ? എല്ലാവരുടേയും പങ്കാളിത്തം ഉണ്ടായോ?

**4. വിശകലന ചോദ്യങ്ങൾ (40)**

1. പാഠഭാഗങ്ങളിലെ നേരിൽ കാണുന്ന പ്രതീതി ജനിപ്പിക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാം?
2. ആ കാത്തിരിപ്പ് ആരംഭിച്ചിട്ടു മണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ആരും അക്ഷമരായിട്ടില്ല. എന്തുകൊണ്ട്?
3. കുട്ടനാട്ടുകാർ നെഹ്റുവിന് നൽകിയ ആ വരവേൽപ്പ് ഒരു ജലമേളയ്ക്ക് നാന്ദി കുറിച്ചു. എങ്ങനെ?
   മുകളിൽ കൊടുത്ത ചോദ്യങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

കുട്ടികൾ ചോദ്യങ്ങൾ വായിക്കുന്നു. മനസ്സിലായവ ചർച്ച. ടീച്ചർ വ്യക്തത വരുത്തണം.

ഓരോ ചോദ്യത്തിനും ഉത്തരമെഴുതുന്നു. (വ്യക്തിഗതം) ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരിപ്പി

ക്കുന്നു. മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പുകളുടെ അവതരണം - മറ്റുഗ്രൂപ്പുകളും ടീച്ചറും ഇടപെടുന്നു.

ടീച്ചർ വേർഷൻ അവതരണം

1. അതാ... അതാ.. വരുന്നുണ്ട്. .. ഓ ... എത്തിപ്പോയി... അകലെകണ്ണും നട്ട് കൊണ്ട്... ബോട്ട് മണ്ഡപത്തോടടുക്കാറായി. അനേകായിരങ്ങളുടെ.... സ്വീകരിച്ചു. വിശിഷ്ടാതിഥി... അദ്ദേഹത്തിന്റെ വേഷം അധികം താമസിച്ചില്ല... ചീറിപ്പാഞ്ഞു.
2. കാത്തിരിപ്പ് വിരസവും ക്ഷമ കെടുത്തുന്നതുമാണ്. എന്നാൽ ഇവിടെ ജനങ്ങൾ അക്ഷമരായില്ല. കാരണം അവർ കാത്തിരിക്കുന്നത് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയെ ഒരു നോക്ക് കാണാനാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തരുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ജവഹർലാൽ നെഹ്റുവിനെ കാത്ത് ഇരിക്കുന്നതിൽ അവർക്ക് പരിഭവമില്ല. കൂടാതെ കുട്ടനാടിന്റെ ഹൃദയത്തുടിപ്പായ വള്ളംകളി ആ വിശിഷ്ട വ്യക്തിയുടെ കൂടെ കാണുന്നതിലുള്ള സന്തോഷവും അവരിലുണ്ടാകും.
3. ജവഹർലാൽ നെഹ്റുവിനോടുള്ള ആദര സൂചകമായി നെഹ്റുട്രോഫി വള്ളംകളി ആരംഭിച്ചു.

**5. ചേർത്തെഴുതാം (20 മിനുട്ട്)**

ടീച്ചർ ചോദ്യം ഉന്നയിക്കുന്നു. പ്രവർത്തന മാഹാത്മ്യം കൊണ്ട് പ്രശസ്തരായവർ ആരെല്ലാം? മഹാത്മജി എന്ന് ആരെയാണ് നമ്മൾ വിളിക്കുന്നത്? നവഭാരത ശില്പിയെന്ന് വിശേഷിപ്പിക്കുന്നതാരെ? ചാച്ചാജിയെന്ന് വിളിക്കുന്നതാരെ? കേരള ഗാന്ധിയെന്ന് വിശേഷിപ്പിക്കുന്നതാരെ?



കുട്ടികളുടെ പ്രതികരണം

ഇങ്ങനെ പല പ്രശസ്തരെയും അവരുടെ പ്രവർത്തനമാഹാത്മ്യം കൊണ്ട് മറ്റുചില പേരുകളിലാണ് വിശേഷിപ്പിച്ചിരിക്കുന്നത്?

കുട്ടികൾ ആദ്യം ടി.ബിയിലെ പ്രവർത്തനം സ്വന്തമായി ചേരുംപടി ചേർക്കുന്നു. അവതരണം. മറ്റു കുട്ടികൾ വിലയിരുത്തുന്നു. ഇവ ശരിയാണെന്ന് എങ്ങനെ അറിയും? ടി.ബി.പട്ടികയിലെ പ്രശസ്തരുടെ ചെറുകുറിപ്പുകൾ അടങ്ങിയ 4169 വായനാസാമഗ്രി ടീച്ചർ ഗ്രൂപ്പിൽ നൽകുന്നു. കുട്ടികൾ വായിച്ച് ഓരോരുത്തർക്കും പറ്റിയ വിശേഷണങ്ങൾ കണ്ടെത്തുന്നു. ഓരോ ഗ്രൂപ്പും പട്ടിക നോട്ട് ബുക്കിൽ എഴുതി യോജിപ്പിക്കുന്നു. ഗ്രൂപ്പിൽ അവതരണം. മറ്റു ഗ്രൂപ്പുകളും ടീച്ചറും വിലയിരുത്തുന്നു. മെച്ചപ്പെടുത്തൽ

**ടീച്ചർ തയ്യാറാക്കിയത്**

| | | |
|---|---|---|
| ഇന്ത്യയുടെ വാനമ്പാടി | - | സരോജിനി നായിഡു |
| ഇന്ത്യയുടെ പൂങ്കുയിൽ | - | ലതാമങ്കേഷ്കർ |
| ഏഷ്യയുടെ പ്രകാശം | - | ശ്രീ ബുദ്ധൻ |
| വിളക്കേന്തിയ വനിത | - | ഫ്ളോറൻസ് നൈറ്റിംഗേൽ |
| കേരള സിഹം | - | പഴശ്ശിരാജ |

**6. തത്സമയ വിവരണം (45 മിനിട്ട്)**

കുട്ടികളെ 6 പേരടങ്ങുന്ന ഗ്രൂപ്പാക്കുക., ഓരോ ഗ്രൂപ്പിനും ഓരോ ചുണ്ടൻ വള്ളങ്ങളുടെ പേരുകൾ. ടി. ടി. 124 ലെ വള്ളംകളി ദൃക്സാക്ഷി വിവരണം ടീച്ചർ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പിൽ കുട്ടികൾ ദൃക്സാക്ഷി വിവരണം വായിക്കുന്നു. വള്ളംകളി വീഡിയോ കാണിക്കുന്നു. നിങ്ങൾ കളികളുടെ തത്സമയ വിവരണങ്ങൾ കേട്ടിട്ടുണ്ടോ? ഏതെല്ലാം കളികളുടെ? അവയുടെ പ്രത്യേകതകൾ എന്തെല്ലാം? (ഒരു സംഭവത്തിന് സാക്ഷിയാവാത്ത ആൾക്കുവേണ്ടി അത് കണ്ടുകൊണ്ടിരിക്കുന്ന മറ്റൊരു വ്യക്തി നൽകുന്ന സജീവമായ വിവരണമാണ് ദൃക്സാക്ഷി വിവരണം.) നിങ്ങൾ സംഘമായി കളിക്കുന്ന കളികൾ ഏന്തെല്ലാം? കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു. അതിൽ നിന്നും ഏതെങ്കിലും ഒരു കളിയുടെ തത്സമയ വിവരണം ഗ്രൂപ്പിൽ എഴുതി തയ്യാറാക്കുക. തത്സമയ വിവരണത്തിൽ എന്തെല്ലാം ഉൾപ്പെടണം? ചർച്ച കളിയുടെ പേര്, കളിസ്ഥലം, കളിക്കാരുടെ എണ്ണം, ഉപകരണങ്ങൾ, കളിക്കാരുടെ ചലനങ്ങൾ എന്നിവയെല്ലാം വിവരണത്തിൽ വരണമെന്ന് ടീച്ചർ ചർച്ചയിൽ ഉൾപ്പെടുത്തണം.

**ദൃക്സാക്ഷി വിവരണം - സൂചകങ്ങൾ**

സംഭവിക്കുന്ന കാര്യങ്ങൾ അതേ സമയത്ത് വിവരിക്കുന്നു. കേൾക്കുന്ന ആൾക്ക് നേരിൽ കാണുന്ന പ്രതീതി, ചടുലമായ ഭാഷാ പ്രയോഗം, സൂക്ഷ്മാംശങ്ങൾ വിട്ടുപോകുന്നില്ല.

കുട്ടികൾ ഗ്രൂപ്പിൽ എഴുതുന്ന തത്സമയ വിവരണത്തിൽ മേൽ സൂചിപ്പിച്ച സൂചകങ്ങൾക്കനുസൃതമാണെന്ന് ഉറപ്പ് വരുത്താൻ ടീച്ചർ ആവശ്യപ്പെടുന്നു. കുട്ടികൾ സ്വന്തം രചനയിൽ ഈ ഘടകങ്ങൾ

വന്നിട്ടുണ്ടെന്ന് ഉറപ്പിക്കുന്നു. ഗ്രൂപ്പിന്റെ വിവരണം ചാർട്ടിലെഴുതി പൊതുവായി അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തി നിർദ്ദശങ്ങൾ നൽകുന്നു. ടീച്ചർ കൂട്ടിച്ചേർക്കുന്നു. ടീച്ചർ വേർഷൻ അവതരണം (ചാർട്ടിൽ) കുട്ടികൾ സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു. മെച്ചപ്പെടുന്നു.

**7. എഡിറ്റിംഗ് (30 മിനിറ്റ്)**

ഒരു ഗ്രൂപ്പിന്റെ രചന പൊതുവായി എഡിറ്റിംഗിനായി തെരഞ്ഞെടുക്കുന്നു. ടീച്ചർ എഡിറ്റിംഗിനായി ചോദ്യങ്ങൾ ചോദിക്കുന്നു.

**ആശയം**

ഏതെങ്കിലും ആശയം കൂട്ടിച്ചേർക്കാനുണ്ടോ? ഏതെങ്കിലും ബന്ധമില്ലാത്തവ ഒഴിവാക്കേണ്ടതോ മെച്ചപ്പെടുത്തേണ്ടതോ ഉണ്ടോ?

**വാക്യഘടന**

ഏതെങ്കിലും പദങ്ങൾ അനാവശ്യമായി ആവർത്തിച്ചിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ ക്രമം തെറ്റി പ്രയോഗിച്ചിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ വിട്ടുപോയിട്ടുണ്ടോ?

**പദം**

അനുയോജ്യമായ പദങ്ങൾ തന്നെയാണോ ഉപയോഗിച്ചിട്ടുള്ളത്?

പദങ്ങളുടെ ആവർത്തനം ഒഴിവാക്കിയിട്ടുണ്ടോ?

**അക്ഷരം**

അക്ഷരങ്ങൾ, ചിഹ്നങ്ങൾ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടോ? അക്ഷരം, പദം, വാക്യം, അകലം, പാലിച്ച് എഴുതിയിട്ടുണ്ടോ? ചിഹ്നങ്ങൾ, അക്ഷരങ്ങൾ വല്ലതും വിട്ടുപോയിട്ടുണ്ടോ?

**വ്യവഹാരരൂപം**

നേരിൽ കാണുന്ന പ്രതീതിയുണ്ടാക്കിയോ? ചടുലമായ ഭാഷാ പ്രയോഗങ്ങൾ ഉണ്ടോ? ലളിതമായ ഭാഷയാണോ? എന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടോ?

മറ്റ് ഗ്രൂപ്പുകളുടെ രചനകൾ കൈമാറി എഡിറ്റ് ചെയ്യുന്നു. എഡിറ്റിംഗിന്റെ ഭാഗമായുണ്ടായ മാറ്റങ്ങൾ ഉൾപ്പെടുത്തി രചന മെച്ചപ്പെടുത്തുന്നു. (വ്യക്തിഗതം), എഡിറ്റിംഗിന്റെ വെളിച്ചത്തിൽ കുട്ടികൾ നോട്ട് ബുക്കിൽ രചന മെച്ചപ്പടുത്തി എഴുതുന്നു. പോർട്ട്ഫോളിയോയിലേക്ക്

**പ്രതികരണ പേജിലേക്ക്**

എത്രപേർക്ക് മികച്ച നിലയിൽ എഴുതാൻ കഴിഞ്ഞു? മറ്റു കുട്ടികളുടെ പ്രശ്നമെന്ത്? കാരണമെന്ത്? കുട്ടികളുടെ പങ്കാളിത്തം കൂട്ടുന്നുണ്ടോ?

**8. ചേർത്തെഴുതാം (10 മിനിട്ട്)**

രണ്ടു പദങ്ങൾ തമ്മിൽ കൂടിച്ചേരുമ്പോൾ വാക്കിന് എന്തെങ്കിലും മാറ്റം ഉണ്ടാകാറുണ്ടോ?

കുട്ടി പ്രതികരണം

എത്തി+പോയി = എന്തായിരിക്കും ഉത്തരം? കുട്ടി പ്രതികരണം

കുട്ടികളെ 5 പേരടങ്ങുന്ന ഗ്രൂപ്പ്. ഗ്രൂപ്പുകൾ തമ്മിൽ മത്സരം, ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ശരിയായി നോട്ടുപുസ്തകത്തിൽ പ്രവർത്തനം ചെയ്താൽ പോയിന്റ്, ഏറ്റവുമാദ്യം ശരിയുത്തരം എഴുതി തീരുന്ന ഗ്രൂപ്പ് വിജയി. ടി.ബി. 55ലെ മാതൃകപോലെ ചേർത്തെഴുതുക. ചേർത്തെഴുതേണ്ട പദങ്ങൾ ബോർഡിൽ എഴുതണം. ഓരോ ഗ്രൂപ്പിലും എല്ലാവരും ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടത് ഗ്രൂപ്പ് ലീഡർ - അവതരണം - മെച്ചപ്പെടുത്തൽ

ചാടി + കയറി - ചാടിക്കയറി, തുള്ളി + ചാടി - തുള്ളിച്ചാടി, നോക്കി+കണ്ടു - നോക്കിക്കണ്ടു

ചീറി +പാഞ്ഞു - ചീറിപ്പാഞ്ഞു. നീല+താമര- നീലത്താമര

**9. പദങ്ങൾ കണ്ടെത്താം. (20 മിനുട്ട്)**

ഒരു സന്ദർഭത്തിന് എപ്പോഴും നമ്മൾ ഒരു പദം തന്നെയാണോ ഉപയോഗിക്കാറ്? അതായത് ചീറിപ്പായുക എന്നതിന് പകരം ഏത് പദം നമുക്ക് ഉപയോഗിക്കാം? എപ്പോഴും ഈ പദം തന്നെയാണോ ഉപയോഗിക്കുക? പാഠഭാഗത്തിൽ ഓരോ സന്ദർഭങ്ങൾക്ക് യോജിച്ച രീതിയിൽ എന്തെല്ലാം പദങ്ങൾ പ്രയോഗിച്ചിരിക്കുന്നു? വേഗത്തിൽ പോവുക, സന്തോഷ പ്രകടനം, ശബ്ദം, വാത്സല്യ പ്രകടനം തുടങ്ങിയവയെ സൂചിപ്പിക്കുന്ന പദങ്ങളും കുട്ടികളോട് ഗ്രൂപ്പിൽ കണ്ടെത്തനാവശ്യപ്പെടുന്നു.

ഗ്രൂപ്പിൽ നടക്കേണ്ട പ്രവർത്തനങ്ങൾ

വ്യക്തിഗതമായി ഉത്തരങ്ങൾ കണ്ടെത്തണം. എഴുതുന്ന ഉത്തരങ്ങൾ ഗ്രൂപ്പിൽ പങ്കുവെക്കണം

തെറ്റുകൾ കണ്ടെത്തി തിരുത്തണം. ഓരോ ഗ്രൂപ്പിന്റെയും കണ്ടെത്തലുകൾ അവതരിപ്പിക്കണം. ഗ്രൂപ്പ്

രചനകൾ പരസ്പരം വിലയിരുത്തണം. മികച്ചവ പങ്കുവെക്കുകയും അവതരിപ്പിക്കുകയം വേണം ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ എഴുതിയെടുക്കണം. വ്യക്തിഗത മായി എഴുതുന്നു. ഗ്രൂപ്പിൽ വായിച്ചവതരണം. മികച്ചത് പൊതു അവതരണം. പരസ്പര വിലയിരു ത്തൽ – മെച്ചപ്പെടുത്തൽ. ടീച്ചർ വേർഷൻ

വേഗത്തിൽ പോവുക : ചീറിപ്പായുക, ഇരമ്പി കുതിച്ച്, പടക്കുതിരയെപോലെ, മിന്നൽ വേഗത്തിൽ.

സന്തോഷ പ്രകടനം : ആഹ്ലാദാരവം, ജയഘോഷം, ആർപ്പുവിളികൾ, ഹർഷാരവം

ശബ്ദം : അലറി വിളിക്കുക, നിലവിളിക്കുക, കൂവി വിളിക്കുക, ആരവം

വാത്സല്യപ്രകടനം : ലാളിക്കുക, കൊഞ്ചിക്കുക, താലോലിക്കുക

**10. പാടി രസിക്കാം. (20 മിനുട്ട്)**

ടി.ബി. 55ലെ രാമപുരത്തുവാര്യരുടെ വരികൾക്ക് കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഈ വരി കളിലെ ആശയം എന്ത്? കുട്ടികൾ കണ്ടെത്തിപറയുന്നു. ടീച്ചർ വ്യക്തത വരുത്തുന്നു. സന്ദർഭം വിശ ദീകരിക്കുന്നു. വ്യക്തിഗതമായി ഈണം കണ്ടെത്തി ഗ്രൂപ്പിൽ അവതരണം. നല്ല ഈണം തെരഞ്ഞെ ടുത്ത് ഗ്രൂപ്പുകളുടെ അവതരണം. മറ്റ് ഗ്രൂപ്പുകളുടെ ടീച്ചറും വിലയിരുത്തുന്നു. ടീച്ചർ ആലാപനം / മൊബൈൽ/ സി.ഡി. (വള്ളംകളി തുഴച്ചിൽ കാരുടെ അധ്വാനം ലഘൂകരിക്കാനായി കൂട്ടമായി താള ത്തിൽ പാടുന്ന പാട്ട്) വഞ്ചിപ്പാട്ട്. ടി.ബിയുടെ തുടർന്നുള്ള വരികൾ ടി.ടി. 127ൽ. അവ ചാർട്ടിൽ എഴുതി പ്രദർശനം – കുട്ടികൾ എഴുതിയെടുക്കുന്നു. ടീച്ചറും കുട്ടികളും കൂടി പാടി രസിക്കുന്നു.



കുട്ടികൾ ഒഴിവു സമയങ്ങളിലും സർഗ്ഗവേള സി.പി.ടി.എ. എന്നീ അവസരങ്ങ ളിലും ആലപിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാവരും ഈണം കണ്ടെത്തി അവതരിപ്പിച്ചോ? നന്നായി ഈണം കണ്ടെത്തി അവതരിപ്പിച്ചതാര് ? പ്രയാസം നേരിട്ടവരുണ്ടോ ?

**11. പാടി അഭിനയിക്കാം (20 മിനിറ്റ്)**

ഓരോ ബെഞ്ചും ഓരോ ഗ്രൂപ്പ് കുട്ടികൾ അവരിരിക്കുന്ന ബെഞ്ചിനെ തോണി യായി സങ്കല്പിച്ച് ബെഞ്ചിൽ ഇരിക്കുന്നു. ടി.ബി. 56ലെ കുട്ടനാടൻ പുഞ്ച യിലെ ... എന്ന ഗാനം തോണി തുഴയുന്നപോലെ അംഗചലനങ്ങളോടെ അഭി നയിച്ച് പാടുന്നു. ഓരോ ബെഞ്ചും അവതരിപ്പിക്കുന്നു. ഏത് ഗ്രൂപ്പാണ് മികച്ചതായി അവതരിപ്പിച്ചത്? അവരെ പ്രോത്സാഹിപ്പിക്കുന്നു. ഇതുപോലെ കുചേലവൃത്തം വഞ്ചിപ്പാട്ടിലെ വരികളും പാടി അഭിന യിക്കുന്നു. ശേഷം ടീച്ചർ ചൊല്ലി കുട്ടികൾ അഭിനയിക്കൽ.

**ചൊല്ലി രസിക്കാം**

ടീച്ചർ ഒരു വഞ്ചിപ്പാട്ട് ചാർട്ടിൽ എഴുതിയത് പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഈണം കണ്ടെത്തി അവ തരണം (4168). ടീച്ചർ വഞ്ചിപ്പാട്ട് അവതരിപ്പിക്കുന്നു. ടീച്ചറും കുട്ടികളും കൂടി ചൊല്ലി രസിക്കുന്നു. സർഗ്ഗവേള സി.പി.ടി.എ. എന്നിവയിൽ ആലപിക്കാനവസരം ഒരുക്കുന്നു. ടീച്ചർ ഒരു വായ്ത്താരി ബോർഡിൽ എഴുതുന്നു. കുട്ടികൾ വായിച്ച് അവർക്ക് പരിചിതമായ മറ്റു വായ്ത്താരികൾ എഴുതുന്നു. (വ്യക്തിഗതം). അഞ്ചംഗഗ്രൂപ്പിൽ അവതരണം. ഗ്രൂപ്പിലെ ഓരോരുത്തരും അവതരിപ്പിക്കുമ്പോൾ കൂട്ടുകാരിൽ നിന്നും കിട്ടിയതും എഴുതുന്നു. ഗ്രൂപ്പുകൾ അവതരണം – കൂട്ടിച്ചേർക്കൽ, ടീച്ചറുടെ അവതരണം.

**വായ്ത്താരികൾ**

| | |
|---|---|
| തന്നാനെ താരാ തക തന്നാനം താരാ<br>തന്താനെ താരാ തക തന്നാനം താരാ | തെയ്യകം തിന്തിമി തെയ്യകം താരാ<br>തെയ്യകം തിന്തിമി തെയ്യകം താരാ |
| തെയ്യത്തിനിന്താ തിനന്തിനിത്താരാ<br>താരാ തിനന്ത തിനന്തിനത്താരാ | തിന്തകം താരാ തിന്തകം താരാ<br>തിന്തകം തെയ്താരാ |
| തെയ്യത്തിനിന്താ തിനന്തിനിത്താരാ<br>താരാ തിനന്ത തിനന്തിനത്താരാ | തന്തിനന്തോ താനിനാനോ<br>തിന്തിനിന്തോ താനിനാനോ |

**12. സംഘം ചേർന്നുള്ള കളികൾ (45 മിനിറ്റ്)**




നിങ്ങൾക്ക് കളികൾ ഇഷ്ടമാണോ? നിങ്ങൾ ഏതെല്ലാം കളികൾ കളിക്കാറുണ്ട്? കുട്ടികൾ പ്രതികരിക്കുന്നു. നിങ്ങൾ ഒറ്റക്കാണോ കൂട്ടമായാണോ കളിക്കാറുള്ളത്? ഏതുതരം കളിയാണ് നിങ്ങൾക്ക് കൂടുതലിഷ്ടം? എന്തുകൊണ്ട്? കരയിൽ മാത്രമാണോ നിങ്ങൾ കളിക്കാറുള്ളത്? വെള്ളത്തിൽ കളിക്കാറുണ്ടോ? വെള്ളത്തിൽ കളിക്കുന്ന കളികൾ ഏതെല്ലാം? വള്ളംകളി എങ്ങനെയുള്ള കളിയാണ്? ഒറ്റക്ക് കളിക്കുന്നതോ സംഘമായി കളിക്കുന്നതോ? എന്നാൽ ഇതുപോലെ സംഘമായി കളിക്കുന്ന ഏതെല്ലാം കളികൾ നിങ്ങൾക്കറിയാം? വ്യക്തിഗതമായും സംഘമായും കളിക്കുന്ന കളികളുടെ സവിശേഷതകൾ എഴുതുക.

ടീച്ചർ വർക്ക്ഷീറ്റ് 4112 നൽകുന്നു.

കുട്ടികൾ വായിച്ച് വ്യക്തിഗതമായി എഴുതുന്നു. മൂന്ന് അംഗ ഗ്രൂപ്പിൽ അവതരണം. പൊതുഅവതരണം ടീച്ചറുടെ ക്രോഡീകരണം.

> **രണ്ടുപേർ മാത്രം ആവശ്യമായ കളി - സവിശേഷത (ചെസ്സ്)**
> മത്സരം മുഖാമുഖം, ജയവും തോൽവിയും സ്വന്തം, വ്യക്തിഗത കഴിവ് പ്രധാനം, ഒരാളുടെ ശക്തിദൗർബല്യങ്ങൾ ഫലത്തെ സ്വാധീനിക്കും
> **രണ്ടിൽ കൂടുതൽ പേർ ആവശ്യമായ കളി - സവിശേഷത (കാൽപ്പന്തുകളി)**
> സംഘബോധം, കൂട്ടായ്മ വളർത്തും വിജയവും പരാജയവും പങ്കുവെക്കും മൂല്യങ്ങളുടേയും ശേഷിയുടെയും വികാസം ഉണ്ടാകും. (പരസ്പരധാരണ, ആശയവിനിമയശേഷി, പരസ്പര ബഹുമാനം, സ്നേഹം, സഹകരണബോധം, സന്തോഷത്തിലും പ്രയാസത്തിലും പങ്കുചേരൽ.)

പ്രാദേശികമായി പ്രചാരത്തിലുള്ള കളികളെക്കുറിച്ച് കുട്ടികൾ പറയുന്നു. കളികളുടെ പേരുകൾ ടീച്ചർ ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു.



ഇതിൽ നിങ്ങൾക്ക് ഏറ്റവും പരിചിതമായ കളിയേത്? ഏറ്റവും ഇഷ്ടപ്പെട്ടതേത്? അതിൽ നിന്നും നല്ലപോലെ പരിചിതമായ ഒരു കളി ടീച്ചറും കുട്ടികളും കൂടി പുറത്തുപോയി കളിക്കുന്നു. ശേഷം കളിച്ച കളിയെക്കുറിച്ച് ഒരു കുറിപ്പ് വ്യക്തിഗതമായി എഴുതുവാനാവശ്യപ്പെടുന്നു. മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരായി വായിച്ച് അവതരിപ്പിക്കുന്നു. പരസ്പരം വിലിയിരുത്തുന്നു. (ആശയ വ്യക്തത, വസ്തുനിഷ്ഠത, ഒഴുക്കുള്ള ഭാഷ) ചർച്ചയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി എഴുതുന്നു. ഗ്രൂപ്പിൽ മികച്ചവ പൊതു അവതരണം. പരസ്പര വിലയിരുത്തൽ - ചർച്ച

ടീച്ചർ വേർഷൻ (4169) അവതരണം, ഒരു കളിയുടെ കുറിപ്പ് ചാർട്ടിൽ പ്രദർശനം, കുട്ടികൾക്ക് അത് വായിച്ച് സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

ആവശ്യമുള്ള കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. പോർട്ട് ഫോളിയോയിലേക്ക്

**പ്രതികരണ പേജിലേക്ക്**

കളിയിൽ എല്ലാവർക്കും പങ്കാളിത്തം ലഭിച്ചോ? എത്ര പേർക്ക് മികച്ച രീതിയിൽ എഴുതാൻ കഴിഞ്ഞു? മറ്റുള്ളവർ നേരിടുന്ന പ്രശ്നം, കാരണം എന്ത്?

**13. വാക്യം നിർമ്മിക്കാം (20 മിനുട്ട്)**



നാന്ദി കുറിക്കുക എന്ന വാക്ക് നിങ്ങൾ കേട്ടിട്ടുണ്ടോ? അതിന്റെ അർത്ഥം എന്താണ്?

നാന്ദി കുറിക്കുക എന്ന പദം ചേർത്ത് വരുന്ന വാചകം കുട്ടികൾ പാഠഭാഗത്തിൽ നിന്നും കണ്ടെത്തി എഴുതുക. ടി.ബിയിലെ വാക്യങ്ങൾ പരിശോധിക്കുക.

ഇതുപോലെ അക്ഷമരാവുക, ലക്ഷ്യസ്ഥാനം എന്നീ വാക്കുകൾ വരുന്ന വാക്യങ്ങൾ പാഠഭാഗത്തുനിന്നും കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു. അഞ്ചംഗഗ്രൂപ്പിൽ ഓരോരുത്തരും പറഞ്ഞവതരിപ്പിക്കുന്നു. ക്രോഡീകരിക്കുന്നു.

തുടർന്ന് വ്യക്തിഗതമായി കുട്ടികൾ പുതിയ വാക്യങ്ങൾ തയ്യാറാക്കുക.

ഗ്രൂപ്പിൽ അവതരണം. മികച്ചത് തെരഞ്ഞെടുക്കുന്നു. തുടർന്ന് ഒരു മത്സരമാണ് ഒന്നാം ഗ്രൂപ്പ് രണ്ടാം ഗ്രൂപ്പിനോട് ഒരു പദം പറയും. അവർ ഒരു വാക്യമുണ്ടാക്കണം. ഗ്രൂപ്പുകൾ തമ്മിൽ ഈ കളി തുടരുന്നു. ടീച്ചർ പോയിന്റ് നൽകുന്നു. കൂടുതൽ പോയിന്റ് കിട്ടിയവർ ജയിക്കും. വാക്യം വിലയിരുത്തുന്നതിൽ ടീച്ചർക്കും ഇടപെടാം.

തുടർന്ന് പ്രയോഗ ഭംഗി കണ്ടെത്താം വർക്ക് ഷീറ്റ് (4111) നൽകുന്ന വ്യക്തിഗതമായി തയ്യാറാക്കുന്ന ഗ്രൂപ്പ് അവതരണം ചർച്ച മെച്ചപ്പെടുത്തൽ.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും എഴുതാൻ കഴിഞ്ഞോ? പരിമിതികൾ തിരിച്ചറിഞ്ഞോ?

വർക്ക്ഷീറ്റ് എങ്ങനെ സ്വീകരിച്ചു? മെച്ചപ്പെടുത്തി എഴുതാൻ കഴിഞ്ഞോ?

**14. ഞാൻ എന്നെക്കുറിച്ച്**

പാഠപുസ്തകത്തിൽ നൽകിയ യൂണിറ്റ് വിലയിരുത്തൽ വ്യക്തിഗതമായി ചെയ്യുന്നു.

കുട്ടിയുടെ പ്രവർത്തനങ്ങളുമായി ടീച്ചർ വിലയിരുത്തൽ തട്ടിച്ചു നോക്കുന്നു.

വിലയിരുത്തലിലെ മികവും മെച്ചപ്പെടേണ്ട കാര്യവും കുട്ടിയേയും രക്ഷിതാവിനേയും ബോധ്യപ്പെടുത്തുന്നു.